**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1805** **19-01-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സജി ചെറിയാൻ** | | **Shri. V. S. Sunil Kumar (കൃഷി വകുപ്പുമന്ത്രി)** | |
| (എ) | കേന്ദ്രസർക്കാർ പാസ്സാക്കിയ മൂന്ന് കാർഷിക നിയമങ്ങൾ തികച്ചും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്നത് സർക്കാർ വിശദമാക്കാമോ; | (എ) | കോവിഡ് വ്യാപനവും പ്രകൃതിക്ഷോഭങ്ങളും രാജ്യത്തിന്റെ സാമ്പത്തിക തകർച്ചയും മൂലം കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷിക രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസാക്കിയിട്ടുള്ളത്. ഇതിനെ തുടർന്ന് ഭക്ഷ്യ ധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവില പോലും നഷ്ടപ്പെടുമോ എന്ന ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്. കർഷകരുടെ വിലപേശൽ ശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കു മുന്നിൽ വളരെ ദുർബലമാവും എന്നതാണ് ഇതിൽ ഉയരുന്ന ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലുണ്ടെന്ന് തോന്നുമെങ്കിലും കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷി കർഷകർക്കില്ല എന്നുള്ള കാര്യം പരിഗണിക്കേണ്ടതുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അവകാശം വൻകിട സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം വിട്ടു നൽകുന്നത് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്ന ഉത്തരവാദിത്തത്തിൽ നിന്നും കേന്ദ്രസർക്കാർ ഒഴിഞ്ഞു പോകുന്നു എന്ന പ്രതീതി ഉണ്ടാക്കുകയും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും ഭക്ഷ്യ വിതരണത്തെ ഗണ്യമായ രീതിയിൽ തടസ്സപ്പെടുത്തുകയും ചെയ്യും.അവശ്യ സാധന നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കുമ്പോൾ സ്ഥിതി കൂടുതൽ വഷളാകാനിടയാകും. |
| (ബി) | ഇതിന് പരിഹാരം കണ്ടെത്തി സംസ്ഥാന കർഷകരെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിവരിക്കാമോ; | (ബി) | കേന്ദ്രസർക്കാർ പാസാക്കിയ മേൽപ്പറഞ്ഞ മൂന്ന് കർഷക വിരുദ്ധ നിയമങ്ങൾ മൂലം ഉണ്ടാവാൻ സാധ്യതയുള്ള ദോഷഫലങ്ങൾ ഈ സഭ തന്നെ ചർച്ച ചെയ്യുകയും കേന്ദ്രസർക്കാർ പാസാക്കിയ മൂന്ന് |

| | | | |
|---|---|---|---|
| | | | വിവാദ നിയമങ്ങളും റദ്ദാക്കണമെന്നുള്ള ഒരു പ്രമേയം 31.12.2020 ന് ഐകകണ്ഠ്യേന നിയമസഭയിൽ പാസാക്കുകയും പ്രമേയത്തിന്റെ പകർപ്പ് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് പ്രയോജനകരമായ ഒരു നിയമനിർമ്മാണം പൊതുതാൽപ്പര്യ പ്രകാരം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |
| (സി) | സംസ്ഥാന സർക്കാർ തലത്തിൽ നിയമം പാസ്സാക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സർക്കാർ പരിഗണിക്കുമോ? | (സി) | കേന്ദ്രസർക്കാർ പാസാക്കിയ മേൽപ്പറഞ്ഞ മൂന്ന് കർഷക വിരുദ്ധ നിയമങ്ങൾ മൂലം ഉണ്ടാവാൻ സാധ്യതയുള്ള ദോഷഫലങ്ങൾ ഈ സഭ തന്നെ ചർച്ച ചെയ്യുകയും കേന്ദ്രസർക്കാർ പാസാക്കിയ മൂന്ന് വിവാദ നിയമങ്ങളും റദ്ദാക്കണമെന്നുള്ള ഒരു പ്രമേയം 31.12.2020 ന് ഐകകണ്ഠ്യേന നിയമസഭയിൽ പാസാക്കുകയും പ്രമേയത്തിന്റെ പകർപ്പ് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷകർക്ക് പ്രയോജനകരമായ ഒരു നിയമനിർമ്മാണം പൊതുതാൽപ്പര്യ പ്രകാരം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ